REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 03-08-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- വയനാട് ചൂരൽമലയിലേയും മുണ്ടക്കൈയിലേയും അഞ്ചാം ദിവസത്തെ തിരച്ചിൽ അല്പസമയത്തിനകം തുടങ്ങും.
- ദുരിത ബാധിതരുടെ ക്യാമ്പുകളിൽ അനാവശ്യ സന്ദർശനം ഒഴിവാക്കണമെന്ന് മന്ത്രിസഭാഉപസമിതി.
- വയനാട്ടിൽ പകർച്ചവ്യാധി പ്രതിരോധത്തിന് ജില്ലാതല മോണിറ്ററിംഗ് ടീമിനെ നിയോഗിച്ചു.
- പിതൃസ്മരണയിൽ ഇന്ന് കർക്കടക വാവുബലി. ക്ഷേത്രങ്ങളിലും തീർത്ഥഘട്ടങ്ങളിലും പുലർച്ചെ തന്നെ ബലിതർപ്പണം ആരംഭിച്ചു.
- ഇന്ത്യ-ശ്രീലങ്ക ആദ്യ ഏകദിന ക്രിക്കറ്റ് മത്സരം ആവേശകരമായ ടൈ-യിൽ പിരിഞ്ഞു.

## വാർത്തകൾ വിശദമായി

**വയനാട് ചൂരൽമലയിലേയും മുണ്ടക്കൈയിലേയും തിരച്ചിൽ അഞ്ചാം ദിവസമായ ഇന്ന് അല്പസമയത്തിനകം തുടങ്ങും. മണ്ണിനും കെട്ടിടാവശിഷ്ടങ്ങൾക്കുമിടയിൽ മനുഷ്യാധ്വാനവും യന്ത്രോപകരണങ്ങളും അത്യാധുനിക സെൻസറുകളും ഉപയോഗിച്ചായിരിക്കും തിരച്ചിൽ.**

**അട്ടമല, മുണ്ടക്കൈ, പുഞ്ചിരിമട്ടം, വെള്ളാർമല വില്ലേജ് റോഡ്, GV HSS വെള്ളാർമല, പുഴയുടെ അടിവാരം എന്നിവിടങ്ങളിൽ നിന്ന് ഇന്നലെ വൈകിട്ട് വരെ തിരച്ചിലിൽ 11 മൃതദേഹങ്ങൾ കണ്ടെത്തി.**

**ഡെസ്ക്ക് റിപ്പോർട്ട്**

**.....(വോയ്സ്)...**

**മുണ്ടക്കൈ, ചൂരൽമല ദുരന്തത്തിൽ 210 മൃതദേഹങ്ങൾ ഇതുവരെ കണ്ടെത്തിയതായി മന്ത്രിസഭാഉപസമിതി അറിയിച്ചു. ഇവരിൽ 96 പുരുഷന്മാരും, 85 സ്ത്രീകളും, 29 കുട്ടികളും ഉൾപ്പെടുന്നു. മൃതദേഹങ്ങൾ സംസ്കരിക്കുന്നതിന് കല്പറ്റ, വൈത്തിരി, മുട്ടിൽ, കണിയാമ്പറ്റ, തൊണ്ടർനാട് എടവക, മുള്ളങ്കൊല്ലി പൊതുശ്മശാനങ്ങളിൽ സൗകര്യമൊരുക്കും. ശരീരഭാഗങ്ങളും, മൃതദേഹങ്ങളായി പരിഗണിച്ചായിരിക്കും സംസ്കാരം. ഇന്നലെ 14 മൃതദേഹങ്ങൾ ലഭിച്ചതായി മന്ത്രിമാർ സ്ഥിരീകരിച്ചു.**

**ചൂരൽമല, മുണ്ടക്കൈ ദുരന്തബാധിതരെ താമസിപ്പിച്ചിരിക്കുന്ന ക്യാമ്പുകളിൽ അനാവശ്യ സന്ദർശനം ഒഴിവാക്കണമെന്ന് വയനാട്ടിൽ ക്യാമ്പു ചെയ്യുന്ന മന്ത്രിസഭാ ഉപസമിതി അഭ്യർത്ഥിച്ചു. ക്യാമ്പുകളിൽ താമസിക്കുന്നവരുടെ സ്വകാര്യതയ്ക്ക് തടസ്സമുണ്ടാക്കരുതെന്നും ക്യാമ്പുകളിൽ ആവശ്യമായ എല്ലാ സൗകര്യങ്ങളും ലഭ്യമാണെന്നും അവർ അറിയിച്ചു. ദുരന്തത്തിനിരയായ 707 കുടുംബങ്ങളിലെ 2,599 പേർ 17 ക്യാമ്പുകളിലായി കഴിയുന്നുണ്ട്.**

**വയനാട് ദുരന്തത്തിൽ മരിച്ച മൂന്ന് പേരുടെ മൃതദേഹങ്ങൾ ഇന്നലെ കൽപറ്റ പൊതു ശ്മശാനത്തിൽ സംസ്കരിച്ചു. തിരിച്ചറിയാൻ കഴിയാതിരുന്ന ഇവരുടെ മൃതദേഹം ഗവൺമെന്റിന്റെ പ്രത്യേക നിർദേശപ്രകാരമാണ് സംസ്കരിച്ചത്. വിവിധ മതാചാര പ്രകാരം പ്രാർത്ഥനകളും ചടങ്ങുകളും സംഘടിപ്പിച്ചിരുന്നു. മന്ത്രി O.R കേളു, T സിദ്ധീഖ് MLA , ജില്ലാ കളക്ടർ, സ്പെഷ്യൽ ഓഫീസർമാർ തുടങ്ങിയവർ അന്ത്യോപചാരമർപ്പിച്ചു.**

✪✪✪

**വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ചാലിയാറിൽ ഇന്നലെയും തിരച്ചിൽ നടത്തി. പുഴയുടെ വയനാട്, മലപ്പുറം, കോഴിക്കോട് പ്രദേശങ്ങളിൽ ഇന്നും തിരച്ചിൽ തുടരും. ഡ്രോണുകൾ, ബോട്ട്, ഡിങ്കി, തോണി എന്നിവ തിരച്ചിലിന് ഉപയോഗിക്കുന്നുണ്ട്. ഹെലികോപ്റ്ററുകളും പരിശോധനയ്ക്കായി സജ്ജമാക്കി. കഡാവർ നായ്ക്കളും ചാലിയാറിലെ തിരച്ചിലിന് എത്തിയിട്ടുണ്ട്. ഇന്നലെ മാത്രം ആറ് മൃതദേഹങ്ങളും പത്ത് ശരീര ഭാഗങ്ങളും കണ്ടെത്തി. 180 ഓളം മൃതദേഹങ്ങളാണ് ചാലിയാറിൽ നിന്ന് ഇതുവരെ കണ്ടെടുത്തത്. ചാലിയാറിലൂടെ ഒഴുകി വന്ന ശരീരഭാഗങ്ങളിൽ തിരിച്ചറിയാൻ കഴിയാത്തവ നിലമ്പൂരിൽ സംസ്കരിക്കാൻ മന്ത്രി P പ്രസാദിന്റെ നേതൃത്വത്തിൽ ചേർന്ന യോഗം തീരുമാനിച്ചു.**

✪✪✪

വയനാട് ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ പകർച്ചവ്യാധി പ്രതിരോധത്തിന് ജില്ലാതല മോണിറ്ററിംഗ് ടീമിനെ നിയോഗിച്ചതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. ക്യാമ്പുകളിൽ കർശന ജാഗ്രത പുലർത്തണം. എലിപ്പനി, ഡെങ്കിപ്പനി, വയറിളക്കം, ഹെപ്പറ്റൈറ്റിസ്, ചിക്കൻപോക്സ് എന്നിവ ഉണ്ടാകാതെ ശ്രദ്ധിക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

ദുരന്തത്തിൽ മരിച്ചവരുടെ ശരീരങ്ങൾ തിരിച്ചറിയാൻ DNA പരിശോധന നടത്തി വരികയാണ്. അപകടത്തിൽപ്പെട്ടവർക്ക് മാനസിക പിന്തുണ ഉറപ്പാക്കാൻ കൗൺസിലർമാരെ ഏർപ്പെടുത്തിയതായും മന്ത്രി പറഞ്ഞു.

✪✪✪

മോഹൻലാൽ ഇന്ന് വയനാട് ദുരന്തഭൂമി സന്ദർശിക്കും. ലഫ്റ്റനനന്റ് കേണൽ കൂടിയായ മോഹൻലാൽ ആർമി ക്യാമ്പിലെത്തിയ ശേഷമാണ് ദുരന്തബാധിതരെ കാണാനെത്തുന്നത്.

✪✪✪

കോഴിക്കോട് വിലങ്ങാട് ഉരുൾപ്പൊട്ടലുണ്ടായ സ്ഥലത്ത് കൂടുതൽ പരിശോധന നടത്തി, പുനരധിവാസത്തിന് ആവശ്യമായതെല്ലാം ചെയ്യുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. വിലങ്ങാട് പ്രദേശവും, ദുരിതാശ്വാസ ക്യാമ്പുകളും നേരിൽകണ്ട ശേഷമാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. സുരക്ഷാ ഭീഷണി നേരിടുന്ന ക്യാമ്പുകൾ മറ്റ് സ്കൂളിലേക്ക് മാറ്റാൻ മന്ത്രി നിർദ്ദേശിച്ചു. ഉരുൾപ്പൊട്ടലിൽ മരിച്ച മാത്യുവിന്റെ വീട് സന്ദർശിച്ച് മന്ത്രി, കുടുംബത്തെ ആശ്വസിപ്പിച്ചു.

ഉരുൾപ്പൊട്ടലിനെത്തുടർന്ന് അപകടാവസ്ഥ നേരിടുന്ന ഉരുട്ടി പാലത്തിലൂടെ വാഹന ഗതാഗതം ഇനി ഒരറിയിപ്പുണ്ടാകുന്നതുവരെ പൂർണ്ണമായി നിരോധിച്ചു.

എകരൂൽ -കക്കയം ഡാം സൈറ്റ് റോഡിൽ കക്കയം ടൗൺ മുതൽ ഡാം സൈറ്റ് വരെ ഭാഗത്തെ വാഹന ഗതാഗതവും താൽക്കാലികമായി നിരോധിച്ചു.

✪✪✪

വിലങ്ങാട് ഉരുൾ പൊട്ടലിൽ ആളപായം കുറവാണെങ്കിലും കോടികളുടെ നാശനഷ്ടം ഉണ്ടായതായി BJP ദേശീയ നിർവ്വാഹക

സമിതിയംഗം PK കൃഷ്ണദാസ് പറഞ്ഞു. കണക്കെടുപ്പ് പൂർത്തിയാക്കി മതിയായ നഷ്ടപരിഹാരം ഉടൻ പ്രഖ്യാപിക്കണമെന്ന് വിലങ്ങാട് കുറ്റല്ലൂർ ഭാഗങ്ങളിലെ നാശനഷ്ടമുണ്ടായ പ്രദേശങ്ങൾ സന്ദർശിച്ച ശേഷം കൃഷ്ണദാസ് ആവശ്യപ്പെട്ടു.

✪✪✪

മണ്ണിടിഞ്ഞു ഒറ്റപ്പെട്ട നെല്ലിയാമ്പതിയിലേക്ക് ഗതാഗതം ഭാഗികമായി പുനഃസ്ഥാപിച്ചു. ഒരു ഭാഗത്തേക്ക് വാഹനങ്ങൾക്ക് കടന്നു പോകാൻ കഴിയും വിധം ക്രമീകരണമാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

നെല്ലിയാമ്പതിയിൽ കുടുങ്ങിയ വിനോദ സഞ്ചാരികളെ ജീപ്പ് മാർഗ്ഗം താഴെ എത്തിച്ചു. മണ്ണിടിച്ചിൽ സാധ്യത നിലനിൽക്കുന്നതിനാൽ ചുരം റോഡ് പൂർണ്ണമായും സഞ്ചാര യോഗ്യമാകുന്നതുവരെ സഞ്ചാരികൾ നെല്ലിയാമ്പതിയിലേക്ക് യാത്ര ഒഴിവാക്കണമെന്ന് ജില്ലാ ഭരണകൂടം ആവശ്യപ്പെട്ടു.

✪✪✪

കാലാവസ്ഥാ വ്യതിയാന പഠനത്തിന് സൗകര്യമൊരുക്കാൻ പ്രവാസി സമൂഹത്തിന്റെ ഇടപെടൽ ഉണ്ടാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടു. ലോകത്ത് പലയിടത്തും ഇത്തരം പഠനങ്ങൾ നടക്കുന്നുണ്ട്. വേൾഡ് മലയാളി കൗൺസിൽ 14-ാമത് ബൈനിയൽ സമ്മേളനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വയനാട് പുനർനിർമ്മാണത്തിൽ പങ്കുവഹിക്കാൻ തയ്യാറായ സംഘടനയെ നന്ദിയറിയിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

കാർഷിക - സാമ്പത്തിക ശാസ്ത്രജ്ഞരുടെ 32-ാമത് രാജ്യാന്തര സമ്മേളനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. 65 വർഷത്തിനു ശേഷമാണ് ഇന്ത്യയിൽ ഈ സമ്മേളനം ചേരുന്നത്. 'സുസ്ഥിര- കാർഷിക- ഭക്ഷ്യ വ്യവസ്ഥയിലേക്ക് പരിവർത്തനം ' എന്നതാണ് ആറ് ദിവസത്തെ സമ്മേളനത്തിന്റെ പ്രമേയം.

കാലാവസ്ഥാ വ്യതിയാനം, പ്രകൃതിവിഭവ ശോഷണം, ഉയർന്ന ഉത്പാദന ചെലവ് എന്നിവയടക്കം ലോകം നേരിടുന്ന പ്രശ്നങ്ങൾ സമ്മേളനം ചർച്ച ചെയ്യും. ആഗോള കാർഷിക വെല്ലുവിളികൾക്ക് പരിഹാരമാകുന്ന ഇന്ത്യയുടെ ഗവേഷണ - നയപര നേട്ടങ്ങൾ സമ്മേളനത്തിൽ

അവതരിപ്പിക്കും. 75 രാജ്യങ്ങളിലെ ആയിരത്തിലേറെ പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും.

✪✪✪

പിതൃസ്മരണയിൽ ഇന്ന് കർക്കടക വാവുബലി. പ്രമുഖ ക്ഷേത്രങ്ങളിലും തീർത്ഥഘട്ടങ്ങളിലും പുലർച്ചെ തന്നെ ബലിതർപ്പണം ആരംഭിച്ചു. തിരുവല്ലം, ശംഖുമുഖം, വർക്കല, അരുവിപ്പുറം, കൊല്ലം മുണ്ടയ്ക്കൽ പാപനാശം, അഷ്ടമുടി ത്രിവേണി സംഗമം, ആലുവ, ചേലാമറ്റം, തിരുനാവായ, തിരുനെല്ലി, വരയ്ക്കൽ, ശ്രീകണ്ഠേശ്വരക്ഷേത്രം, മൂടാടി ഉരുപുണ്യക്കാവ്, കടലുണ്ടി വാക്കടവ് തീരം, തലശ്ശേരി ജഗന്നാഥ ക്ഷേത്രം, പയ്യാമ്പലം കടപ്പുറം, മുഴപ്പിലങ്ങാട്, എന്നിവയടക്കം കേന്ദ്രങ്ങളിലെല്ലാം ബലിതർപ്പണത്തിന് പ്രത്യേക സൗകര്യങ്ങളും സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രകൃതിദുരന്ത സാഹചര്യത്തിൽ ബലിതർപ്പണ കേന്ദ്രങ്ങൾക്ക് പ്രത്യേക സംരക്ഷണമൊരുക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

✪✪✪

പാരിസ് ഒളിമ്പിക്സിൽ ഇന്ത്യയ്ക്ക് മികച്ച നേട്ടം. ബാഡ്മിന്റണിലും ഹോക്കിയിലും ഷൂട്ടിങിലുമാണ് ഇന്ത്യൻ താരങ്ങളുടെ മുന്നേറ്റം. പുരുഷ ബാഡ്മിന്റണിൽ ലക്ഷ്യസെൻ ചരിത്രനേട്ടവുമായി സെമിയിലെത്തി.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)...

ഒളിമ്പിക് ഗെയിംസ് പുരുഷ സിംഗിൾസ് ബാഡ്മിന്റണിൽ ആദ്യമായാണ് ഇന്ത്യ സെമിയിലെത്തുന്നത്. ഫൈനലിൽ സിംഗപ്പൂർ താരവും 2021 ലോക ചാമ്പ്യനുമായ ലോ കിയൻ യൂവിനെ-യാണ് ലക്ഷ്യസെൻ നേരിടുക.

പുരുഷ ഹോക്കി പൂൾ-ബി മത്സരത്തിൽ ഇന്ത്യ ഓസ്ട്രേലിയയെ 3-2 ന് പരാജയപ്പെടുത്തി.

വനിതകളുടെ 25 മീറ്റർ പിസ്റ്റൾ ഷൂട്ടിങ് യോഗ്യതാ മത്സരത്തിൽ മനുഭാക്കർ രണ്ടാം സ്ഥാനത്തോടെ ഫൈനലിലെത്തി. ഇന്ന് ഉച്ചയ്ക്കാണ് ഫൈനൽ.

71 കിലോ പുരുഷ ബോക്സിങ് ക്വാർട്ടർ ഫൈനൽ, പുരുഷ വിഭാഗം ഗോൾഫ് മൂന്നാം റൗണ്ട്, അമ്പെയ്ത്ത്, സെയ്‌ലിങ് ഇനങ്ങളിലും ഇന്ത്യ ഇന്ന് മത്സരിക്കും.

✪✪✪

ഇന്ത്യ-ശ്രീലങ്ക ആദ്യ ഏകദിന ക്രിക്കറ്റ് മത്സരം ആവേശകരമായ ടൈ-യിൽ പിരിഞ്ഞു. ടോസ് നേടി ബാറ്റിങ് ആരംഭിച്ച ശ്രീലങ്ക 50 ഓവറിൽ എട്ട് വിക്കറ്റിന് 230 റൺസെടുത്തു. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യയുടെ ഇന്നിങ്സ് 47.5 ഓവറിൽ 230-ന് അവസാനിച്ചു.

വിജയത്തിലേക്ക് ഒരു റൺ മാത്രം ബാക്കിനിൽക്കെ തുടർച്ചയായ പന്തുകളിൽ രണ്ടു വിക്കറ്റ് നഷ്ടമായതോടെയാണ് മത്സരം ടൈ-യിൽ അവസാനിച്ചത്.

പരമ്പരയിലെ രണ്ടാം മത്സരം നാളെയാണ്.

✪✪✪

ശ്രീനാരായണ ജയന്തി കുമരകം മത്സര വള്ളംകളി മാറ്റിവച്ചു. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് തീരുമാനം. സാംസ്കാരിക ഘോഷയാത്രയ്ക്കായി നീക്കിവെച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യും.

ഈ വർഷത്തെ ശ്രീനാരായണ ജയന്തി കുമരകം മത്സര വള്ളംകളി ഓണത്തിന് നടത്താനും സംഘാടകർ തീരുമാനിച്ചു.

✪✪✪

വടക്കൻ കേരളത്തിൽ ഇന്നും മഴ തുടരും. ശക്തമായ മഴ സാധ്യത കണക്കിലടുത്ത് ഇന്ന് നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിലാണ് ജാഗ്രതാ നിർദേശം.

✪✪✪

പാലക്കാട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ മലമ്പുഴ, കാഞ്ഞിരപ്പുഴ, പോത്തുണ്ടി, മംഗലം ഡാം എന്നിവ ഇന്ന് മുതൽ തുറന്ന് പ്രവർത്തിക്കും. എന്നാൽ ജില്ലയിലെ വെള്ളച്ചാട്ടങ്ങളിലേക്ക് ഇനി ഒരു അറിയിപ്പ് ഉണ്ടാവുന്നതുവരെ പ്രവേശനം ഉണ്ടാവില്ലെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

✪✪✪

കോഴിക്കോട് ജില്ലയിൽ മഴയുടെ ശക്തി കുറയുകയും വെള്ളം ഇറങ്ങിത്തുടങ്ങുകയും ചെയ്തതോടെ ദുരിതാശ്വാസ ക്യാമ്പുകളിൽ

നിന്നും ആളുകൾ വീടുകളിലേക്ക് മടങ്ങി തുടങ്ങി. 38 ക്യാമ്പുകൾ ഒഴിവാക്കി. നിലവിൽ 43 ക്യാംപുകളിലായി 2,685 ആളുകളാണ് കഴിയുന്നത്. കക്കോടി വില്ലേജിൽ ഇന്നലെ രണ്ട് ക്യാമ്പുകൾ കൂടി തുറന്നു.

താമരശ്ശേരി കാന്തലാട് വില്ലേജിൽ പെരിയമല ഭാഗത്ത് മണ്ണിടിച്ചിൽ ഭീഷണി നിലനിൽക്കുന്നതിനാൽ സമീപ വാസികളെ ബന്ധുവീടുകളിലേക്ക് മാറ്റി.

✪✪✪

മഴക്കെടുതിയെ തുടർന്ന് കണ്ണൂർ ജില്ലയിൽ പത്തു ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. 106 കുടുംബങ്ങളിലെ 374 അംഗങ്ങളാണ് ക്യാമ്പുകളിൽ കഴിയുന്നത്.

✪✪✪

ഈ വർഷത്തെ ബാംസുരീയം രാമായണശ്രീ പുരസ്കാരം പ്രഭാഷകയും ഏറ്റുമാനൂരപ്പൻ കോളജ് അധ്യാപിക സരിത അയ്യർക്ക് വൈകിട്ട് കോട്ടയം തിരുനക്കര സ്വാമിയാർ മഠത്തിൽ സമ്മാനിയ്ക്കും. 5,001 രൂപയുംഫലകവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം.

✪✪✪

കോഴിക്കോട് കിഴക്കോത്ത് പഞ്ചായത്തിൽ പൊന്നുംതോരമലയിലെ അനധികൃത ചെങ്കൽ ക്വാറിയും, നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയവർക്കെതിരെ നടപടി വേണമെന്ന് BJP കോഴിക്കോട് ജില്ലാപ്രസിഡന്റ് V.K സജീവൻ ആവശ്യപ്പെട്ടു. പ്രകൃതി ചൂഷണത്തെ തുടർന്നുണ്ടായ മലയിടിച്ചിൽ ഭീഷണിയിൽ 196 കുടുംബാംഗങ്ങളെ മാറ്റി താമസിപ്പിക്കേണ്ടി വന്നെന്ന് സംഭവസ്ഥലം സന്ദർശിച്ച ജില്ലാ പ്രസിഡണ്ടും സംഘവും കുറ്റപ്പെടുത്തി.

✪✪✪